നമ്പർ. സി1/412/2017-റ്റിസി


ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,

രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,

[☎0471-2333337/2333317 ഫാക്സ് 0471-2333314]

www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]


തീയ്യതി : 16/06/2017

# സർക്കുലർ നമ്പർ 14/2017

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** — ഡ്രൈവിംഗ് ലൈസൻസിനായുള്ള ലേണേഴ്സ് പരീക്ഷ - നടത്തിപ്പ് - നിർദ്ദേശങ്ങൾ - നൽകുന്നത് — സംബന്ധിച്ച്

സൂചന :- ഇതേ വിഷയത്തിൽ ഇതിനുമുമ്പ് നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ

വകുപ്പിലെ ഓഫീസുകളിൽ പുതുതായി ലേണേഴ്സ് ടെസ്റ്റിനായുള്ള പരീക്ഷയ്ക്ക് ഹാജരാകുന്നവർക്ക് അവരുടെ പരീക്ഷാ തീയതി മുൻകൂർ ഓൺ ലൈനായി സ്വയം തിരഞ്ഞെടുക്കാനുള്ള സൗകര്യം വകുപ്പ് ഏർപ്പെടുത്തിയിരിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകുന്നു.

ഓരോ ഓഫീസുകളിലേയ്ക്കും സാമാന്യമായി വരാവുന്ന അപേക്ഷകരുടെ എണ്ണം നിലവിലെ സാഹചര്യങ്ങളിൽ പരിശോധിച്ചതിനുശേഷമാണ് ഓരോ ഓഫീസിലേയ്ക്കും ദിവസേന ഹാജരാകാവുന്ന പരീക്ഷാർത്ഥികളുടെ എണ്ണം നിശ്ചയിച്ചിട്ടുള്ളത്.

1 ഒരു ഓഫീസിൽ, ഡ്രൈവിംഗ് ടെസ്റ്റ്, ലേണേഴ്സ് ടെസ്റ്റ് മുതലായവ നടത്തുന്ന ദിവസങ്ങൾ പൊതുജനങ്ങളുടെ അറിവിലേയ്ക്കായി പ്രസിദ്ധീകരിയ്ക്കുകയും പ്രസ്തുത വിവരം ഓഫീസുകളിൽ എഴുതി പ്രദർശിപ്പിക്കുകയും ചെയ്യേണ്ടതാണ്.

ലേണേഴ്സ് ടെസ്റ്റിനായി അപേക്ഷിച്ച് ടെസ്റ്റ് തീയതി തിരഞ്ഞെടുത്തവരുടെ പട്ടിക തയ്യാറാക്കുവാനുള്ള സംവിധാനം സോഫ്റ്റ്‌വെയറിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ, പ്രസ്തുത പട്ടിക മുൻകൂറായി പ്രിന്റ് ചെയ്ത് പരിശോധകൻ കൈവശം സൂക്ഷിക്കേണ്ടതാണ്. പ്രസ്തുത പ്രിന്റ് അതാതു ഡ്യൂട്ടി ഉദ്യോഗസ്ഥൻ അവരവരുടെ എംപ്ലോയി ലോഗിൻ വഴി മുൻകൂറായി എടുത്തു സൂക്ഷിയ്ക്കേണ്ടതാണ്. പ്രസ്തുത പട്ടികയുടെ ഒരു പകർപ്പ് ടെസ്റ്റ് സെന്ററിന്റെ മുൻവശത്ത് പ്രദർശിപ്പിയ്ക്കേണ്ടതുമാണ്. പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അപേക്ഷകരെ മാത്രമേ ടെസ്റ്റിനായി പങ്കെടുപ്പിയ്ക്കാവൂ.

2. ഏതെങ്കിലും കാരണവശാൽ തിരഞ്ഞെടുത്ത തീയതിയിൽ ലേണേഴ്സ് ടെസ്റ്റിനുള്ള അപേക്ഷകന് ഹാജരാകുവാൻ കഴിയാതെ വന്നാൽ, പുതിയ തീയതി തിരഞ്ഞെടുക്കുവാനുള്ള സംവിധാനം സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തുന്നതുവരെ പതിനാലു ദിവസം തികയുന്ന ദിവസമോ അതിനു ശേഷമുള്ള ഏതെങ്കിലും ദിവസങ്ങളിലോ ടെസ്റ്റിനു ഹാജരാകാവുന്നതാണ്.

(ഉദാ: തിങ്കളാഴ്ച ഹാജരാകാതിരുന്ന അപേക്ഷകൻ 14 ദിവസം തികയുന്ന രണ്ടാമത്തെ തിങ്കളാഴ്ചയോ അതിനു ശേഷമോ)

ആയതിനു മുൻകൂറായി അനുവാദം വാങ്ങേണ്ടതില്ല. ഹാജരാകാതിരുന്നതിനുള്ള കാരണം ബോധിപ്പിച്ചുകൊണ്ടുള്ള അപേക്ഷ വെള്ളക്കടലാസിൽ എഴുതി സമർപ്പിച്ചാൽ മതിയാകും. ഇവരുടെ വിവരം പട്ടികയിൽ എഴുതിച്ചേർക്കാവുന്നതാണ്.

3. ലേണേഴ്സ് ടെസ്റ്റിൽ പരാജയപ്പെട്ടവർക്ക് സോഫ്റ്റ്‌വെയറിൽ പുതിയ തീയതി തിരഞ്ഞെടുക്കുവാനുള്ള സംവിധാനം ഉൾപ്പെടുത്തുന്നതുവരെ തൊട്ടടുത്ത പ്രവൃത്തിദിവസത്തിലോ അതിനടുത്ത ദിവസങ്ങളിലോ വീണ്ടും ഹാജരാകാവുന്നതാണ്. ഇവരുടെ വിവരം പട്ടികയിൽ എഴുതി ചേർത്താൽ മതിയാകും.

4 വളരെ പ്രത്യേക സാഹചര്യങ്ങളിൽ മാത്രം, അപേക്ഷകൻ വ്യക്തമായതും, വിശ്വസനീയമായതുമായ കാരണങ്ങൾ തെളിവ് സഹിതം നേരിട്ട് ഹാജരാക്കിയാൽ, ഓഫീസ് മേധാവി 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച വെള്ളക്കടലാസിൽ അപേക്ഷ എഴുതി വാങ്ങി, തെളിവിനായി ഹാജരാക്കിയ രേഖകളുടെ പകർപ്പ് സഹിതം ടെസ്റ്റ് തീയതി പിറകോട്ട് മാറ്റി നൽകാവുന്നതാണ്. ടെസ്റ്റിനു ശേഷം ഇത്തരം അപേക്ഷകൾ പ്രത്യേകം ഫയലിൽ തുടർ പരിശോധനയ്ക്കായി സൂക്ഷിച്ചു വയ്ക്കേണ്ടതാണ്.

ഈ അപേക്ഷകരുടെ വിവരങ്ങൾ ടെസ്റ്റിനായുള്ള പട്ടികയിൽ പ്രത്യേകമായി എഴുതിച്ചേർക്കേണ്ടതും അടയാളപ്പെടുത്തേണ്ടതുമാണ്. ഇക്കാര്യങ്ങളിൽ യാതൊരുവിധ ആരോപണങ്ങൾക്കും ഇടവരാതെ സൂക്ഷിക്കുവാൻ ബന്ധപ്പെട്ട ഓഫീസ് മേലധികാരി ശ്രദ്ധിക്കേണ്ടതാണ്.

5 ദൈനംദിന പട്ടിക അതാതു ദിവസം തന്നെ ഓഫീസ് മേലധികാരിയെ പരിശോധന ഉദ്യോഗസ്ഥൻ നേരിട്ട് ഏൽപ്പിക്കേണ്ടതും, തുടർ പരിശോധനകൾക്കായി പ്രത്യേകമായി സൂക്ഷിച്ചു വയ്ക്കേണ്ടതുമാണ്.

6 എല്ലാ ലൈസൻസിംഗ് അഡീഷണൽ ലൈസൻസിംഗ് അതോറിറ്റികളും, ലേണേഴ്സ് ലൈസൻസ് ടെസ്റ്റ് ചിട്ടയായും, നിർദ്ദേശങ്ങൾക്കനുസൃതമായും, സുതാര്യമായും നടത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പു വരുത്തേണ്ടതാണ്.

7 ടെസ്റ്റിനു ശേഷം പരിശോധകൻ അന്നേ ദിവസം ഹാജരായ മൊത്തം അപേക്ഷകരുടെ എണ്ണം ജയിച്ചവരുടെ എണ്ണം, തോറ്റവരുടെ എണ്ണം, അതേ ദിവസം ഹാജരാകാതിരുന്നവരുടെ എണ്ണം എന്നിവ പട്ടികയായി എഴുതിച്ചേർത്ത് കൈയ്യൊപ്പ് വയ്ക്കേണ്ടതാണ്.

ഒപ്പ്/-
ട്രാൻസ്പോർട്ട് കമ്മീഷണർ

അംഗീകാരത്തോടെ

19.6.2017

സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ
(ട്രാക്ഷൻ)

സ്വീകർത്താവ് : എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും
എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും